പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3031 — 28.1.2014-ൽ മറുപടി പറയേണ്ടിയിരുന്നത്

## തിരുവനന്തപുരത്തെ പബ്ലിക് ഓഫീസ് സമുച്ചയത്തിലെ ഓഫീസുകൾ 'സ്വരാജ് ഭവനി'ലേക്ക് മാറ്റാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) തിരുവനന്തപുരത്തെ പബ്ലിക് ഓഫീസ് സമുച്ചയത്തിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന പഞ്ചായത്ത് ഡയറക്ടറേറ്റ്, അർബൻ അഫയേഴ്സ് ഡയറക്ടറേറ്റ്, എൽ.എസ്.ജി.ഡി. സി.ഇ ഓഫീസ് എന്നീ ഓഫീസുകൾ സ്വന്തം കെട്ടിടമായ 'സ്വരാജ് ഭവനി'ലേക്ക് മാറ്റുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ) & ബി) സ്ഥലപരിമിതി കാരണം പഞ്ചായത്ത് ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ ഓഫീസ് എന്നിവയ്ക്ക് സ്വരാജ് ഭവനിൽ സ്ഥലം അനുവദിക്കുവാൻ സാധിച്ചിട്ടില്ല. വാട്ടർ സപ്ലൈ, ഇലക്ട്രിസിറ്റി കണക്ഷൻ എന്നിവ ലഭിക്കുന്ന തിലുള്ള കാലതാമസം കാരണം സ്വരാജ്ഭവനിൽ സ്ഥലം അനുവദിച്ച സ്ഥാപനങ്ങൾക്ക് പ്രവർത്തനം തുടങ്ങാനായില്ല. 18.1.2014ൽ വാട്ടർ സപ്ലൈ, ഇലക്ട്രിസിറ്റി കണക്ഷൻ എന്നിവ ലഭ്യമായ സാഹചര്യത്തിൽ ഓഫീസ് പ്രവർത്തന ത്തിന് ആവശ്യമായ ഫർണിഷിങ് മുതലായവ പൂർത്തിയാകുന്ന മുറയ്ക്ക് ഓഫീസുകൾ സ്വരാജ് ഭവനിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | |

സെക്ഷൻ ഓഫീസർ